മി. സ്പീക്കർ : കിട്ടി, കിട്ടി. ഇന്നു മറുപടി പറയാമെന്ന് എന്നെ അറിയിച്ചതുകൊണ്ടാണ് ഞാൻ വിളിച്ചത്.

ശ്രീ. ഇ.കെ. നായനാർ : ഇതിലില്ല. ചെർക്കളം. പ്രകാശ് ബാബു ജോസ് ബേബി, പിന്നെ ജയദേവൻ. ഇന്നത്തേതിൽ ഇല്ല. ഒന്നുകിൽ മറ്റൊരു ദിവസത്തേയ്ക്കു വയ്ക്കുക.....

മി. സ്പീക്കർ : മറ്റൊരു ദിവസത്തേക്ക് വയ്ക്കാം.

ശ്രീ. ഇ.കെ. നായനാർ : ന്യൂസ് വേണമെങ്കിൽ ഞാൻ പറയാം. ബഹു. വൈദ്യർ പറഞ്ഞിട്ടുള്ള കൊലപാതകത്തെ സംബന്ധിച്ച് അബൂബേക്കർ എന്ന സി.ഐ.ടി.യു യൂണിയൻ പ്രവർത്തകനെ തിരുവമ്പാടിയിൽ കൊലപ്പെടുത്തിയ സംഭവത്തെപ്പറ്റി ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. സംഗതി ഞാൻ പറയാം. ആ കൊലക്കുറ്റത്തിന് 92-ാം വകുപ്പുപ്രകാരം കേസ് എടുക്കാനും കുറ്റവാളികളെ അറസ്റ്റ് ചെയ്യാനും ആവശ്യമായ നടപടികളെടുക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. വളരെ ക്രൂരമായ സംഭവമാണ് നടന്നത്. ആർ.എസ്.എസ്., ബി.ജെ.പി. ഭാഗത്തു നിന്നാണ് കൊലപാതകം നടന്നത്. അതാണ് വാസ്തവം. പോരേ.

(6) കായംകുളത്തുനിന്നും കെ.എസ്.ആർ.ടി.സി. അന്തർസംസ്ഥാന സർവീസുകൾ ആരംഭിക്കേണ്ടതു സംബന്ധിച്ച്

ശ്രീ. ജി. സുധാകരൻ : സർ, കെ.എസ്.ആർ.ടി.സി. കായംകുളത്തോട് കാണിക്കുന്ന അവഗണനയിൽ പ്രതിക്ഷേധിച്ചാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. തെക്കൻ കാശി എന്നറിയപ്പെടുന്ന ഓച്ചിറയ്ക്കു സമീപമുള്ള ഈ പ്രധാനപ്പെട്ട സ്ഥലം രണ്ടു റെയിൽവേ ലൈനുകളുടെ സംഗമസ്ഥാനം കൂടിയാണ്. ദേശീയജലപാത, നാഷണൽ ഹൈവേ എല്ലാം സംഗമിക്കുന്നത് ഈ സ്ഥലത്താണ്. ഇന്റർ സ്റ്റേറ്റ് സർവീസുകൾ തുടങ്ങുമ്പോൾ സർവീസുകൾ പരിഗണനയ്ക്ക് അയക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു. മധുര, കോയമ്പത്തൂർ, പളനി, ബാംഗ്ലൂർ തുടങ്ങിയ സ്ഥലങ്ങളടക്കം അഭ്യർത്ഥിച്ചിരുന്നു. അത് പരിഗണിക്കുകയാണെന്നും അനുവദിക്കുകയാണെന്നും മന്ത്രി ശ്രീ. കുറുപ്പ് ഇവിടെ പറഞ്ഞിരുന്നതാണ്. പക്ഷേ കുറുപ്പ് വാക്കു പാലിച്ചില്ല, പുതിയ മന്ത്രി വന്നതിനുശേഷവും അദ്ദേഹത്തിന്റെ പരിഗണനയിൽ ഉണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. അടിയന്തിരമായി ഇന്റർസ്റ്റേറ്റ് സർവീസ് തുടങ്ങേണ്ട ഒരു സ്ഥലമാണ്. നിയമസഭയിൽ നൽകിയ വാക്കു പാലിക്കണം. ഒരു വാക്കു കൂടി പറയാനുണ്ട്. ഞാൻ രാഷ്ട്രീയം പറയുകയല്ല, കൊട്ടാരക്കര മുതൽ ആലപ്പുഴ വരെ യു.ഡി.എഫ്. ജയിച്ച അഞ്ചു മണ്ഡലങ്ങളിൽ അനുവദിച്ചപ്പോഴും കരുനാഗപ്പള്ളി മുതൽ അമ്പലപ്പുഴ വരെയുള്ള എൽ.ഡി.എഫ്. ജയിച്ച ഓച്ചിറയടക്കമുള്ള പ്രദേശത്ത് ഒരു ഒറ്റയെണ്ണം അനുവദിച്ചിട്ടില്ല എന്നുള്ളത്, തന്നതിനുള്ള വിരോധമല്ല. തരണം, ഇത് പരിഗണിച്ചില്ലെന്നുള്ളത് പ്രതിക്ഷേധാർഹമായ കാര്യമാണ്. പരിഗണിക്കണം. എൽ.റ്റി.പി.സി. എന്നുപറയുന്ന മഹത്തായ ഒരു സ്ഥാപനം തുടങ്ങിയശേഷം ഹരിപ്പാടു നിന്നും കായംകുളത്തുനിന്നും ആയിരക്കണക്കിന് തൊഴിലാളികൾക്ക് പോകാൻ വേണ്ടി ഓരോ സർവീസ് തുടങ്ങണമെന്നു പറഞ്ഞിട്ടു പോലും കെ.എസ്.ആർ.ടി.സി. അതിന്റെ പങ്ക് നിർവഹിച്ചിട്ടില്ല. സോഷ്യലിസ്റ്റു നേതാവായ പി.കെ. കുഞ്ഞുസാഹിബിന്റെ കൂടെ നാടായ കായംകുളത്തോട് കുറുപ്പുസാറിന്റെ കാലത്തു കാണിച്ച അവഗണന അങ്ങ് പരിഹരിക്കണമെന്ന് ഞാൻ പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ, കേരളസർക്കാർ തമിഴ്നാട് കർണ്ണാടക എന്നീ സർക്കാരുകളുമായി ഉണ്ടാക്കിയിട്ടുള്ള അന്തർസംസ്ഥാന കരാറുകൾ പ്രകാരമാണ് കെ.എസ്. ആർ.ടി.സി. അന്തർസംസ്ഥാന സർവീസുകൾ ഓടിച്ചുവരുന്നത്. കായംകുളത്തുനിന്ന് മധുര, പളനി, കോയമ്പത്തൂർ, ബാംഗ്ലൂർ, എന്നീ സ്ഥലങ്ങളിലേക്ക് അന്തർസംസ്ഥാന സർവീസുകൾ ആരംഭിക്കാൻ പ്രസ്തുത കരാറിൽ വ്യവസ്ഥകൾ ഇല്ലാത്തതിനാൽ കായംകുളത്തു നിന്ന് പ്രസ്തുത സർവീസുകൾ ഓടിക്കാൻ സാധിക്കുന്നില്ല എന്നാണ്. തിരുവനന്തപുരത്തു നിന്നും കൊല്ലത്തുനിന്നും ബാംഗ്ലൂരിലേക്കും കോയമ്പത്തൂരിലേക്കും പളനിയിലേക്കും കായംകുളം വഴി കെ.എസ്.ആർ.ടി.സി. സർവീസുകൾ നടത്തിവരുന്നുണ്ട്. സർവീസുകൾ കൃത്യമായി നടത്തുവാനായി പ്രധാനപ്പെട്ട ഡിപ്പോ കേന്ദ്രീകരിച്ചാണ് പ്രസ്തുത സർവീസ് നടത്തുന്നത്. അന്തർസംസ്ഥാന കരാറുകൾ പ്രകാരം ഇപ്പോൾ ആലപ്പുഴനിന്നും തെങ്കാശി, കോയമ്പത്തൂർ, ബാംഗ്ലൂർ, എന്നീ സർവീസുകളും ചങ്ങനാശ്ശേരി-തിരുനെൽവേലി സർവീസും അടൂർ-തെങ്കുളം സർവീസും കൊട്ടാരക്കരനിന്നും കോയമ്പത്തൂർ പളനി, ഒല്ലൂർ, കന്യാകുമാരി തെങ്കാശി, നാർകോവിൽ, അംബാസമുദ്രം എന്നീ സർവീസുകളും നടത്തിരുന്നു. എം.എൽ.എ. യുടെ ആവശ്യപ്രകാരം കായംകുളം ഡിപ്പോയിൽനിന്നും എൻ.ടി.പി.സി.യിലേയ്ക്ക് സർവീസ് 6.11.98-ൽ തന്നെ ആരംഭിച്ചു. ചവറ ഹരിപ്പാട് കായംകുളം കരുനാഗപ്പള്ളി അമ്പലപ്പുഴ എന്നീ തീരപ്രദേശങ്ങളിൽ സ്വകാര്യ ബസ്സുകൾ കൂടുതൽ സർവ്വീസ് നടത്തുന്നതിനാൽ കെ.എസ്.ആർ.ടി.സി. സർവീസുകൾ ലാഭകരമായി ഓപ്പറേറ്റ് ചെയ്യാൻ കഴിയില്ല എന്നാണ് റിപ്പോർട്ട്. ദേശസാൽകൃത മേഖലയിലെ സർവീസുകൾക്കും വരുമാനം കൂടുതൽ ലഭിക്കുന്ന സർവീസുകൾക്കുമാണ് കെ.എസ്. ആർ.ടി.സി മുൻഗണന നൽകുന്നത്. എങ്കിൽത്തന്നെയും കൊല്ലം, കരുനാഗപ്പള്ളി, കായംകുളം, ഹരിപ്പാട് ആലപ്പുഴ എന്നീ ഡിപ്പോകളിൽ നിന്നായി നാൽപ്പതിൽപരം പുതിയ സർവീസുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി ആരംഭിച്ചിട്ടുണ്ട്. ബസ്സിന്റേയും ജീവനക്കാരുടേയും അപര്യാപ്തത കൊണ്ട് വളരെ പരിമിതമായി മാത്രമേ പുതിയ സർവീസുകൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ഏതായാലും കായംകുളത്തുനിന്നും സർവീസ് ആരംഭിക്കാനും ഇന്റർസ്റ്റേറ്റ് സർവീസ് ആരംഭിക്കണമെന്ന ബഹു. എം.എൽ.എ.യുടെ അഭ്യർത്ഥന പരിഗണിച്ച് ആലപ്പുഴ നിന്നും ആരംഭിക്കുന്ന ഒരു സർവീസ് കായംകുളത്തുനിന്ന് ആരംഭിക്കാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതു സംബന്ധിച്ച് അനുവാദം ആവശ്യമാണ്. അതുപോലെതന്നെ കായംകുളം ഡിപ്പോയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ബഹു. എം.എൽ.എ.യും മറ്റുള്ളവരുമായി ചർച്ച ചെയ്ത് കഴിയുന്നത്ര, നിലവിലുള്ള പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ആ പ്രശ്നങ്ങളും ആ പ്രദേശത്തെ യാത്രാക്ലേശവും പരിഹരിക്കാൻ ശ്രമിക്കുന്നതാണ്.

(7) ഇൻഡ്യൻ ഡൈവോഴ്സ് ആക്ടിലെ സെക്ഷൻ 17 നീക്കം ചെയ്യുന്നത് സംബന്ധിച്ച്

ശ്രീ. മാമ്മൻ മത്തായി : സർ, ഇൻഡ്യൻ ഡൈവോഴ്സ് ആക്ടിലെ 17-ാം വകുപ്പ് നീക്കം ചെയ്യണമെന്ന സുപ്രധാനമായ വിഷയത്തിലേക്കാണ് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടേയും സഭയുടേയും ശ്രദ്ധ ക്ഷണിക്കുന്നത്. ക്രിസ്ത്യൻ വിവാഹമോചന കേസുകളിൽ ജില്ലാ കോടതികളിൽനിന്നും അനുകൂലമായ വിധിയുണ്ടായാൽപോലും അത്തരം വിധികൾ പ്രാബല്യത്തിൽ വരു

LIBRARY ARCHIVES Kerala Legislative Assembly